


# ഇടുങ്ങിയ വാതിൽ

(ലൂക്കാ 13:22 – 30)

Vol. 11, Issue: 3

ഡീ. ജോർജ് കൈതപ്പറമ്പിൽ MCBS

ദൈവീകജീവൻ അവകാശമാക്കുവാൻ ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കണമെന്ന സന്ദേശം ഉൾക്കൊള്ളുന്നതാണ് ശ്ലീഹാക്കാലം ഏഴാം ഞായറിലെ സുവിശേഷഭാഗം കുരിശിന്റെ ഇടുങ്ങിയ വഴിയിലൂടെയുള്ള ഈശോയുടെ ജറുസലേം യാത്രാമധ്യേയാണ്, ''കർത്താവേ, രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?'' എന്ന് ഒരുവൻ വന്നു ചോദിക്കുന്നത്. ഇതിനുള്ള ഉത്തരമായിട്ടാണ് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈശോ സംസാരിക്കുന്നത്.

ശ്ലീഹാക്കാലത്തിലെ അവസാന ഞായറായ ഇന്ന് തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നത്, സഹനത്തിന്റെയും ത്യാഗത്തിന്റെയും ജീവിതയാത്രയാണ്. ക്രൈസ്തവശിഷ്യത്വമെന്ന തെരഞ്ഞെടുപ്പിലൂടെ ദൈവത്താൽ അയയ്ക്കപ്പെടുന്നവർക്കു മുന്നിൽ തുറന്നുവയ്ക്കപ്പെടുന്നത് വിശാലവും സുഖപ്രദവുമായ അന്തരീക്ഷങ്ങളോ സമൃദ്ധിയുടെ മേച്ചിൽപ്പുറങ്ങളോ അല്ല. മറിച്ച്, സഹനത്തിന്റെ ഇടുങ്ങിയതും വീതി കുറഞ്ഞതുമായ വാതിലാണ്. രക്ഷ പ്രാപിക്കാൻ, നിത്യജീവനിലേയ്ക്ക് പ്രവേശിക്കാൻ യേശു കാട്ടിത്തന്ന കുരിശിന്റെ വഴിയല്ലാതെ മറ്റു വിശാലവഴികളൊന്നുമില്ല. ഇടുങ്ങിയ വാതിൽ തെരഞ്ഞെടുത്ത് രക്ഷ പ്രാപിക്കാൻ നാം തയ്യാറാണോ എന്നതാണ് യേശു നമ്മുടെ മുമ്പിൽ വയ്ക്കുന്ന വെല്ലുവിളി.

'ജീസസ് ഇൻ ബ്ലൂ ജീൻസ്' എന്ന ഗ്രന്ഥത്തിന്റെ തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ 'അവൻ നന്നായി തയ്യാറെടുത്തു. തനിക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും.' കാൽവരി കണ്ടുകൊണ്ടാണ് കർത്താവ് കാൽനടയാത്ര ആരംഭിച്ചത്. രാജാവാക്കാൻ ജനം ശ്രമിക്കുമ്പോൾ ഒഴിഞ്ഞുമാറുന്നതും, ജനം ആർപ്പുവിളിക്കുമ്പോൾ ഏകാന്തതയിലേയ്ക്ക് പിന്മാറുന്നതും, എന്റെ രാജ്യം ഐഹീകമല്ല എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതും ഇടുങ്ങിയ വാതിലാണ് നിത്യജീവനിലേയ്ക്ക് എത്തിക്കുന്നതെന്ന ബോദ്ധ്യമുണ്ടായതിനാലാണ്. ആദിമക്രൈസ്തവരും സഭയിലെ വിശുദ്ധരും സ്വീകരിച്ചത് ഇടുങ്ങിയ വാതിലിന്റെ ശൈലിയാണ്.

വി. എലിസബത്ത് രാജ്ഞിയായിരുന്നു, വി. ഫ്രാൻസിസ് സേവ്യർ പ്രൊഫസറായിരുന്നു, വി. അൽഫോൻസ് ലിഗോരി നിയമത്തിൽ ഡോക്ടറേറ്റ് എടുത്ത വക്കീലായിരുന്നു, വി. അംബ്രോസ് ഗവർണ്ണറായിരുന്നു... ജീവിക്കാൻ വഴിയില്ലാത്തതുകൊണ്ടോ, മറ്റൊരു ജോലി ലഭിക്കാത്തതുകൊണ്ടോ അവർ തെരഞ്ഞെടുത്തതല്ല ആത്മീയതയുടെ ഇടുങ്ങിയ വഴികൾ. സ്വർഗ്ഗത്തിന്റെ വെളിച്ചം ഹൃദയത്തിൽ വീശിയപ്പോൾ ലൗകീകതയോട് അവൻ 'നോ' പറഞ്ഞു. ഈശോയെപ്രതി എല്ലാം ഉച്ഛിഷ്ടമായി അവർ കണക്കാക്കി. ധൂർത്തടിച്ചും സമൂഹത്തിന്റെ കൈയ്യടി നേടിയും അവർക്ക് ജീവിക്കാമായിരുന്നു. സുഖലോലുപതയുടെ വിശാലവഴികളുണ്ടായിട്ടും അവർ ഇടുങ്ങിയ വഴികളിലൂടെ സ്വതന്ത്രമനസ്സോടെ, സന്തോഷത്തോടെ സഞ്ചരിച്ച് വിശുദ്ധരായി.

അനീതിയും തെറ്റുകളും സുഖഭോഗങ്ങളും നിറഞ്ഞ വിശാലവഴിയെ സഞ്ചരിക്കുവാനാണ് ആധുനിക കാലഘട്ടത്തിലെ മനുഷ്യന്റെ പ്രവണത. അനിയന്ത്രിതമായ ജഡികതാൽപ

ര്യങ്ങൾ, സുഖലോലുപതയിലൂന്നിയ ജീവിതശൈലി, ധനമോഹത്തിലൂന്നിയ മനസ്സ് എന്നിവയോടുകൂടി ജീവിക്കുന്നവർ ഇടുങ്ങിയ വാതിലിനു പകരം വിശാലമായ വാതിലിലൂടെ പ്രവേശിക്കുന്നവരാണ്. ആത്മത്യാഗങ്ങളും കുരിശുകളുമില്ലാത്ത വഴികളിലൂടെയുള്ള യാത്ര അപകടത്തിലേയ്ക്കും നാശത്തിലേയ്ക്കുമാണ് നയിക്കുന്നത്. അതുകൊണ്ടാണ് ലിമായിലെ വി. റോസ് നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നത്: ''നമുക്ക് സ്വർഗ്ഗത്തിലേയ്ക്കു കയറാൻ കുരിശല്ലാതെ മറ്റു ഗോവണിയില്ല.'' ക്രിസ്ത്വാനുകരണത്തിൽ തോമസ് അക്കെമ്പിസ് ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: ''Jesus has many lovers of his wisdom, but few bearers of his cross.'' അദ്ദേഹം തുറന്നു പറയുന്നു: അവിടുത്തോടൊപ്പം സന്തോഷിക്കാനാണ് എല്ലാവർക്കും താൽപര്യം. സഹിക്കുവാൻ ആർക്കും താൽപര്യമില്ല. അപ്പം മുറിക്കുന്ന യേശുവിനെ അനുഗമിക്കുവാൻ അനേകരുണ്ട്. പക്ഷേ, കയ്പുനീരിന്റെ കാസായിൽ പങ്കുചേരാൻ അധികം പേരില്ല. ഇവിടെയാണ് മിക്ക ജീവിതങ്ങളുടെയും പരാജയമെന്ന് വാഴ്ത്തപ്പെട്ട ഫുൾട്ടൺ ജെ. ഷീൻ കൂട്ടിച്ചേർക്കുന്നു.

വിശാലവഴിയിൽ സഞ്ചരിച്ചവരുടെ അവകാശവാദം, കർത്താവിന്റെ നാമത്തിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു എന്നതാണ്. എന്നാൽ, അവർ ഭക്ഷിച്ചതും പാനം ചെയ്തതും മിശിഹായുടെ ശരീര-രക്തങ്ങളാണെങ്കിലും യഥാർത്ഥവില അവർ മനസ്സിലാക്കിയില്ല എന്ന് വി. അഗസ്തിനോസ് പറയുന്നു. ''മാലിന്യമേശാത്ത വിശ്വാസവും കറയറ്റ ധാർമ്മികതയും സ്വന്തമാക്കിയിട്ടുള്ളവർക്കു മാത്രമേ ജീവനിലേയ്ക്കുള്ള ഇടുങ്ങിയ വഴിയിലൂടെ യാത്രചെയ്യുവാൻ കഴിയൂ എന്ന് അലക്സാണ്ട്രിയായിലെ വി. സിറിൽ പ്രസ്താവിക്കുന്നു.'' യേശുവിനൊപ്പം വിരുന്നിനിരുന്നതും യേശുവിന്റെ പ്രബോധനം കേട്ടതും ഒരുവനെ ദൈവരാജ്യത്തിൽ എത്തിക്കുകയില്ല. നീതി പ്രവർത്തിക്കുന്നവരാണ് സ്വർഗ്ഗരാജ്യപ്രവേശനം അനുഭവിക്കുന്നത്. ക്രിസ്തു നമ്മെ അറിയാനുള്ള മാർഗ്ഗം നീതിയുടെ, നന്മയുടെ പ്രവർത്തികൾ ചെയ്യുക എന്നതാണ്. അതിനാൽ ക്രിസ്ത്യാനി എന്ന കാരണത്താലോ, ക്രിസ്തീയ ചുറ്റുപാടിൽ ജീവിക്കുന്നു എന്നതിനാലോ, അതൊന്നും നമ്മെ ദൈവരാജ്യത്തിന് അർഹരാക്കുന്നില്ല. ക്രിസ്തുവിനുവേണ്ടിയും അവർ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾക്കുവേണ്ടിയും ജീവിക്കാൻ ശ്രമിക്കുന്നതിന്റെ പേരിൽ നിനക്ക് എത്രമാത്രം വില കൊടുക്കേണ്ടിവന്നു, എത്രമാത്രം പീഡ അനുഭവിക്കേണ്ടിവന്നു എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമുള്ള ഒരു ക്രിസ്ത്യാനിയാണ് യഥാർത്ഥ ക്രിസ്ത്യാനി എന്ന് നമുക്ക് മറക്കാതിരിക്കാം. ഇടുങ്ങിയ വാതിൽ എന്നത് നാം സ്വീകരിക്കേണ്ട നിലപാടാണ്. ദൈവത്തിന് എന്നെ ആവശ്യമുണ്ട് എന്ന തിരിച്ചറിവാണ് ഇടുങ്ങിയ വാതിലിന്റെ മാർഗ്ഗം സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. മുൻ മെക്സിക്കൻ സുന്ദരി എക്സ്മറാൾഡോ സോളിക്സ് ഗോൺസാലസ് എന്ന ഇരുപത്തിയൊന്നുകാരി കത്തോലിക്കാ സന്യാസ സമൂഹത്തിൽ ചേർന്നത് ഈ തിരിച്ചറിവിലാണ്. സ്വന്തമാക്കാമായിരുന്ന അംഗീകാരങ്ങളും സുഖങ്ങളും ഉപേക്ഷിച്ച് അവൾ തെരഞ്ഞെടുത്ത വേറിട്ട പാത ഇടുങ്ങിയ വാതിലിന്റെ ആധുനികമുഖമാണ്.

ദൈവരാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷത, അത് അതിശയങ്ങളുടെയും അപ്രതീക്ഷിതമായവയുടെയും ഇടമായി രൂപപ്പെടുന്നു എന്നുള്ളതാണ്. ഈ ലോകത്തിലെ പ്രമുഖർ അവിടെ വട്ടപൂജ്യങ്ങളായി മാറുന്നു. നമ്മൾ നിസ്സാരരായി പരിഗണിക്കുന്നവർ ദൈവത്തോടൊപ്പമായിരിക്കുകയും ചെയ്യുന്നു. എല്ലാവിധ ബഹുമതികളും ഏറ്റുവാങ്ങി ആഡംബരത്തിൽ ജീവിച്ച ഒരു മാന്യസ്ത്രീയെക്കുറിച്ചുള്ള കഥ, വില്യം സർ ക്ലേ കുറിക്കുന്നുണ്ട്. മരണശേഷം സ്വർഗ്ഗത്തിലെത്തിയ അവർക്കായി ഒരുക്കിയിരിക്കുന്ന വസതിയിലേയ്ക്ക് മാലാഖ അവരെ കൂട്ടിക്കൊണ്ടു പോയി. പോകുന്ന വഴിക്ക് മനോഹരമായ രീതിയിൽ പണിയപ്പെട്ട പല സ്വർഗ്ഗീയമന്ദിരങ്ങളുടെയും മുമ്പിലൂടെ അവർ കടന്നുപോയി. ഓരോ രമ്യഹർമ്മങ്ങൾ കാണുമ്പോഴും അവർ കരുതി, ഇതായിരിക്കും തന്റേതെന്ന്. അവസാനം, അവർ സ്വർഗ്ഗത്തിന്റെ പുറമ്പോക്കിലെത്തി. ഒരു കുടിലിനെക്കാൾ ചെറുതും ഇടുങ്ങിയതുമായ ആ പുറമ്പോക്ക് വസതി ചൂണ്ടി മാലാഖ പറഞ്ഞു: ''ഇതാണ് നിങ്ങളുടേത്.'' ആ സ്ത്രീ അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു: ''എന്റെ പദവിയും നിലയുമനുസരിച്ച് ഇതായിരിക്കാൻ വഴിയില്ല എന്റെ സ്വർഗ്ഗീയമന്ദിരം.'' മാലാഖ മറുപടി പറഞ്ഞു: ''താങ്കളുടെ ജീവിതസമർപ്പണം വഴിയും ത്യാഗങ്ങൾ വഴിയും ഇവിടെയെത്തിയ സാമഗ്രികൾ കൊണ്ട് ഇതേ പണിയാൻ പറ്റിയുള്ളൂ.'' സ്വർഗ്ഗരാജ്യത്തിൽ മുൻനിരയിലെത്താൻ ഈ ലോകത്ത് പിൻനിരയിൽ ചേർക്കപ്പെടുന്നത് എത്രയോ യുക്തമെന്ന ആത്മീയാചാര്യന്മാരുടെ ഭാവം നമുക്ക് ധ്യാനമായിത്തീരണം. ലോകത്തിലെ മികവും കഴിവും ശ്രേഷ്ഠതയും ദൈവരാജ്യപ്രവേശനത്തിന് പരിഗണനാവിഷയങ്ങളായിരിക്കുകയില്ല. ദൈവഹിതം നിറവേറ്റിയോ എന്നതു മാത്രമായിരിക്കും ദൈവരാജ്യപ്രവേശനത്തിന്റെ ഏക മാനദണ്ഡം.

ആകയാൽ, ഇനിയെങ്കിലും 'നാമമാത്ര' ക്രിസ്ത്യാനിയാകാതെ കൃപയുടെ, കരുണയുടെ പ്രവർത്തികൾ ചെയ്യുന്ന യഥാർത്ഥ ക്രൈസ്തവരാകാം. അധരം കൊണ്ടു മാത്രം ദൈവത്തെ സേവിക്കുന്നവരാകാതെ ഹൃദയം കൊണ്ടും പ്രവർത്തികൾ കൊണ്ടും അവിടുത്തെ സേവിക്കാം. ഇടുങ്ങിയ വാതിലിന്റെ രഹസ്യം കൂടുതൽ വ്യക്തമായി തെളിയുന്നത് പരിശുദ്ധ കുർബാനയിലാണ്. മുറിക്കപ്പെട്ട്, കുരിശിൽ തറയ്ക്കപ്പെട്ട്, ഞെരിഞ്ഞമർന്ന് ലോകത്തിന് ഭോജ്യമായതാണ് ദിവ്യകാരുണ്യം. ഇടുങ്ങിയ വാതിലിലൂടെ സഞ്ചരിക്കുന്നവർക്ക് അവിടുന്ന് അതിനാൽ തന്നെ മാതൃകയും ശക്തികേന്ദ്രവുമാണ്. യേശുജീവിതത്തെ അനുഗമിക്കാൻ ശക്തമാക്കുന്ന വേദിയായിത്തീരട്ടെ ഓരോ പരിശുദ്ധ കുർബാനയും. ഈ കൃപയ്ക്കായി നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം, ആമ്മേൻ.